# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4127** 20.03.2018 ലെ മറുപടിക്ക്

**<u>സങ്കേതം സോഫ്റ്റ് വെയർ നിയമവിരുദ്ധ നിർമ്മാണങ്ങളുടെ ക്രമവൽക്കരണം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.കെ.മുരളീധരൻ | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിലെ നടപടിക്രമം ലഘൂകരിക്കുന്നതിനായി നഗരസഭകൾ ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്ന 'സങ്കേതം' എന്ന സോഫ്റ്റ് വെയർ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഏതൊക്കെ നഗരസഭകളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത്; ആയത് പഞ്ചായത്തുകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) സംസ്ഥാനത്തെ കൊച്ചി ഒഴികെയുള്ള 5 കോർപ്പറേഷനുകളിലും കൊട്ടാരക്കര, ഈരാറ്റുപേട്ട എന്നീ നഗരസഭകൾ ഒഴികെയുള്ള 85 നഗരസഭകളിലും 'സങ്കേതം' ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ നിലവിലുണ്ട്.<br><br>നിലവിൽ ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റെല്ലാ ഗ്രാമപഞ്ചായത്തിലും സങ്കേതം സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ചില ഗ്രാമപഞ്ചായത്തുകളിൽ അപേക്ഷ ലഭ്യമാകാത്തതിനെ തുടർന്ന് നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട അപേക്ഷകളിൽ സങ്കേതം സോഫ്റ്റ് വെയർ വഴിമാത്രം നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ചൂണ്ടിക്കാണിച്ചിട്ടുള്ള സോഫ്റ്റ് വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് വ്യാപകമായി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) സംസ്ഥാനത്ത് വ്യാപകമായി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം നടക്കുന്നതായി കണ്ടെത്തിയിട്ടില്ല. ചട്ടലംഘനങ്ങൾ കണ്ടെത്തിയാൽ അതിനെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

(തുടർച്ച.........2)

| | |
|---|---|
| (ഡി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിയമവിരുദ്ധമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ പിഴ ഈടാക്കി കൊണ്ട് ക്രമവൽക്കരിക്കുന്ന സർക്കാർ നടപടി ഇത്തരം നിയമലംഘനങ്ങൾക്ക് പ്രോത്സാഹനമാകില്ലേ; വിശദീകരിക്കാമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സുരക്ഷ, ഉറപ്പ് എന്നിവയിൽ വിട്ടുവീഴ്ചയില്ലാതെ നിബന്ധനകൾക്ക് വിധേയമായാണ് കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നത്. ക്രമവത്ക്കരണ ചട്ടങ്ങളിലെ Appendix II-ൽ പ്രതിപാദിക്കുന്ന Safety and Security വ്യവസ്ഥകൾ പാലിക്കാത്ത കെട്ടിടങ്ങൾ ചട്ടങ്ങൾ പ്രകാരം ക്രമവത്ക്കരിക്കാനാവില്ല. ക്രമവത്ക്കരണ ചട്ടങ്ങളിലെ 6(4)-ൽ പ്രതിപാദിക്കുന്ന (i) മുതൽ (ix) വ്യവസ്ഥകളിൽ ലംഘനമുള്ള കെട്ടിടങ്ങളും ടി ചട്ടങ്ങൾ പ്രകാരം ക്രമവത്ക്കരിക്കാനാവില്ല. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ക്രമവൽക്കരണ ഉത്തരവുകൾ അർഹതപ്പെട്ടവർക്ക് വളരെയധികം പ്രയോജനപ്പെടുന്നതാണെന്ന് കാണുന്നു. |

**സെക്ഷൻ ഓഫീസർ**